**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2672** **06-10-2025 - ൽ മറുപടിയ്ക്ക്**

**വിദേശനിക്ഷേപത്തിന് വേണ്ടിയുള്ള യാത്രകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും ഉദ്യോഗസ്ഥരും വിദേശയാത്ര നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ഏതെല്ലാം രാജ്യങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്; ഇതിന്റെ വിശദാംശം നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. മുഖേന ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയും മറ്റ് ഉന്നതതല ഉദ്യോഗസ്ഥരുമായി വിദേശ യാത്രകൾ നടത്തിയിരുന്നു. മെഡിക്കൽ സാങ്കേതികവിദ്യ, ജൈവസാങ്കേതികവിദ്യ, ജീവശാസ്ത്രം എന്നീ മേഖലകളിലെ കേരളത്തിന്റെ പ്രാഗൽഭ്യം ലോകത്തെ അറിയിക്കുവാനും ഈ മേഖലയിലെ ഉൽപ്പാദകർ, വിതരണക്കാർ, സംരംഭകർ, ഗവേഷണ സ്ഥാപനങ്ങൾ, നയനിർമ്മാതാക്കൾ തുടങ്ങിയവരുമായി ചർച്ചകൾ നടത്തുവാനും ജർമ്മനിയിൽ വെച്ച് നടന്ന മെഡിക്ക എന്ന ഉച്ചകോടി സഹായകമായി. ഇത് കൂടാതെ ദുബായിൽ വെച്ച് നടന്ന അറബ് ഹെൽത്ത്, സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറം (WEF), തുടങ്ങിയവയിലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി അടങ്ങുന്ന ഔദ്യോഗിക സംഘം പങ്കെടുക്കുകയുണ്ടായി.<br><br>കൂടാതെ ദുബായിൽ നടത്തിയ റോഡ് ഷോ, ഗൾഫുഡ്, ജിറ്റക്സ്, തുടങ്ങിയ പരിപാടികളിലും സർക്കാരിനെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ പങ്കെടുക്കുകയുണ്ടായി.<br><br>സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനും കേരളത്തിലെ നിക്ഷേപ സാധ്യതകൾ അവതരിപ്പിക്കുന്നതിനും അന്താരാഷ്ട്ര സംരംഭകരുമായും വ്യവസായ പ്രതിനിധികളുമായും നേരിട്ട് ചർച്ചകൾ നടത്തുന്നതിനും, ഈ സന്ദർശനങ്ങൾ സഹായകമായി.<br><br>ഇവയിലൂടെ ഉടലെടുത്ത പദ്ധതികളിൽ ഒന്ന് ഭാരത് ബയോടെക് അവരുടെ ഒരു ഭക്ഷ്യ സംസ്കരണ |

| | | | |
|---|---|---|---|
| | | | യൂണിറ്റ്, എറണാകുളം അങ്കമാലിയിലുള്ള കെ.എസ്.ഐ.ഡി.സി.-യുടെ പാർക്കിൽ കഴിഞ്ഞ മാസം നിർമ്മാണ പ്രവർത്തനം ആരംഭിച്ചിരുന്നു. ഇത് കൂടാതെ അവിഘ്ന, സിഫി, മുരള്യ തുടങ്ങി അനേകം വ്യവസായങ്ങൾ സംസ്ഥാനത്തേക്ക് വന്ന പ്രധാന പദ്ധതികളിൽ ഉൾപ്പെടുന്നു. മാത്രമല്ല മറ്റ് പല പ്രോജക്റ്റ് പ്രൊപ്പോസലുകളും ചർച്ചകളുടെയും നിർമ്മാണത്തിന്റെയും വിവിധ ഘട്ടത്തിലുമാണ്. |
| (ബി) | ഇതുവഴി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്; ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | ഏകദേശം 350 കോടി രൂപയുടെ നിക്ഷേപവും ഏകദേശം 230 ഓളം തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ